19 ഒക്ടോബർ 2005

# ഇന്ത്യയിലെ ക്രിസ്തു മതത്തെപ്പറ്റി അജ്ഞത: ഫാ. പാലക്കൽ

സെന്റ് ലൂയി (മിസൂറി): അമേരിക്കയിൽ നിന്ന് ഇന്ത്യയിലേക്കുള്ള ക്രിസ്ത്യൻ ടൂറിസം പ്രോത്സാഹിപ്പിക്കാനുള്ള ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ പദ്ധതിയുടെ ഭാഗമായി ഫാ.ഡോ. ജോസഫ് പാലക്കൽ സി.എം.ഐ പ്രഭാഷണം നടത്തി. ഇന്ത്യയിലെ ക്രിസ്തുമതം: ഭിന്ന മതവിഭാഗങ്ങൾക്കിടയിലെ വിശ്വാസം എന്ന വിഷയത്തെക്കുറിച്ച് നാഷണൽ കാത്തലിക് ഡവലപ്പ്മെന്റ് കോൺഫറൻസിലാണ് അദ്ദേഹം പ്രഭാഷണം നടത്തിയത്.

ഇന്ത്യയിലെ ക്രിസ്തു മതത്തെപ്പറ്റി മിക്കവരും അജ്ഞരാണെന്ന് അദ്ദേഹം പറഞ്ഞു. ഇതാദ്യമായാണ് കോൺഫറൻസിൽ പ്രസംഗിക്കാൻ ഒരു ഇന്ത്യക്കാരനെ വിളിച്ചത്.

പോർട്ടുഗീസുകാർ വരുന്നതിനു മുമ്പേ ഇന്ത്യയിൽ ക്രിസ്ത്യാനികളുണ്ടായിരുന്നുവെന്ന് കേട്ടപ്പോൾ പലരും അതിശയിച്ചു പോയി.

അമേരിക്കയിൽ ഇന്ത്യയിൽ നിന്നുള്ള ക്രിസ്ത്യാനികളുടെ എണ്ണം വർധിച്ചു വരുന്ന പശ്ചാത്തലത്തിലാണ് പ്രഭാഷണം സംഘടിപ്പിച്ചത്.

ഫാ. പാലക്കൽ 1979 ൽ പുറത്തിറക്കിയ റെക്കാർഡിൽ നിന്നുള്ള മലയാള ഗാനം ഓം ജഗത്ജ്യോതി യേശു ഭഗവാൻ എന്ന കീർത്തനം ചൊല്ലിയാണ് പ്രഭാഷണം ആരംഭിച്ചത്. പുരാതനമായ കൽദായ, അന്ത്യോഖ്യൻ ആരാധനാക്രമം ഇപ്പോഴും ഇന്ത്യയിൽ നിലനിൽക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സുറിയാനിയുടെ പ്രാധാന്യം വ്യക്തമാക്കാൻ സുറിയാനിയിലുള്ള സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയും ചൊല്ലി.

നൂറ്റാണ്ടുകളിലൂടെ ക്രിസ്തുമതം ഭാരതത്തിന്റെ സംസ്കാരവുമായി ഇഴുകിച്ചേർന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ നാനാത്വത്തിലെ ഏകത്വം ക്രിസ്തുമതത്തിലും പ്രതിഫലിക്കുന്നു.യൂറോപ്യൻ വനിതയായ മദർ തെരേസ സാരിയുടുത്ത് ഇന്ത്യയിൽ സേവനമനുഷ്ഠിച്ചത് ഈ സാംസ്കാരിക സമന്വയത്തിന്റെ പ്രതീകമാണ്.

ക്രിസ്തുമതത്തെപ്പറ്റിയുള്ള ദൃശ്യാവിഷ്കരണവും ഉണ്ടായിരുന്നു. ഷെവലിയർ



**ഫാ.ഡോ. ജോസഫ് പാലക്കൽ പ്രഭാഷണം നടത്തുന്നു**

ഐ.സി ചാക്കോയുടെ സംസ്കൃതത്തിലുള്ള ക്രിസ്തു സഹസ്രനാമത്തിൽ നിന്നുള്ള ഭാഗം ചൊല്ലിക്കൊണ്ടാണ് പ്രഭാഷണം അവസാനിപ്പിച്ചത്.

ഇന്ത്യയിലെ ക്രൈസ്തവ തീർത്ഥാടന കേന്ദ്രങ്ങളിലേക്കും മറ്റുമുള്ള ടൂറിസം ലക്ഷ്യമാക്കിയുള്ള പ്രോജക്ടിന് ഇന്ത്യാ ഫോർ ദി സൗൾ എന്നാണ് പേരിട്ടിരിക്കുന്നത്.

പല അമേരിക്കക്കാർക്കും ഇപ്പോഴും ഇന്ത്യയിലേക്കുള്ള മാനസികദൂരം യഥാർത്ഥ ദൂരത്തെക്കാൾ ഏറെയാണെന്ന് ഫാ. പാലക്കൽ ചൂണ്ടിക്കാട്ടുന്നു. 14 മണിക്കൂർ യാത്ര ചെയ്ത് ഹവായിക്കു പോകാൻ മടിക്കാത്ത അവർ അതേസമയം യാത്ര ചെയ്ത് ഇന്ത്യയിലേക്കു പോകാൻ മടിക്കുന്നു. ക്രമേണ ഇതിന് മാറ്റം വന്നേക്കാം: അദ്ദേഹം പ്രതീക്ഷിക്കുന്നു.

സൈക്കോളജി, ഹിന്ദുസ്ഥാനി ക്ലാസിക്കൽ വോക്കൽ മ്യൂസിക് എന്നിവയിലും ബിരുദങ്ങളുള്ള ഫാ. പാലക്കൽ സിറ്റി യൂണിവേഴ്സിറ്റി ഓഫ് ന്യൂയോർക്കിൽ നിന്നാണ് എത്നോ മ്യൂസിക്കോളജിയിൽ പി.എച്ച്.ഡി നേടിയത്. നാലു ഭാഷകളിലായി മുപ്പതോളം ആൽബങ്ങൾക്ക് പാടിയിട്ടുണ്ട്. ക്രിസ്ത്യൻ മ്യൂസിക്കോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ സ്ഥാപക പ്രസിഡന്റാണ് അദ്ദേഹം.